**Malayala Manorma**

**18 June 2018**

**Chellananm: Airstream, Demolition**



# കലിയടങ്ങാതെ തിരകൾ; പ്രതിരോധമില്ലാതെ തീരം

■ കണ്ണിൽപ്പൊടിയിടാൻ അധികൃതർ: ചെല്ലാനത്തെ കടലാക്രമണ പ്രതിരോധ നടപടികൾ മന്ദഗതിയിൽ

ചെല്ലാനം ● കടലാക്രമണത്തെ പ്രതിരോധിക്കാനുള്ള താൽക്കാലിക നടപടികൾ ഇഴഞ്ഞു നീങ്ങുന്നതായി പരാതി. മണൽവാട തീർക്കുന്നതിന് 250 ജിയോ ബാഗുകൾ അധികൃതർ നൽകിയെങ്കിലും അതിൽ 125 ബാഗുകളിൽ മാത്രമേ മണൽനിറച്ചു വച്ചിട്ടുള്ളൂവെന്ന് തീരദേശവാസികൾ പറഞ്ഞു.

ജിയോ ബാഗുകളിൽ മണൽ നിറച്ചു വയ്ക്കുന്നതിനുള്ള നടപടി ഉണ്ടാകാത്തതു പ്രതിഷേധാർഹമാണെന്നു നാട്ടുകാർ പറഞ്ഞു.

രണ്ടു ദിവസമായി ജോലികൾ മന്ദഗതിയിലാണ്. ബസാർ, കമ്പനിപ്പടി, വേളാങ്കണ്ണി നോർത്ത് എന്നിവിടങ്ങളിലേക്ക് ആയിരം ജിയോ ബാഗുകൾ ലഭിക്കുമെന്നാണ് അധികൃതർ പറഞ്ഞിരുന്നതെങ്കിലും എത്തിയത് 250 ബാഗുകൾ മാത്രമാണ്.

കഴിഞ്ഞ മൂന്നു ദിവസത്തിനുള്ളിൽ വേളാങ്കണ്ണി പ്രദേശത്ത് നൂറും കമ്പനിപ്പടിയിൽ 25 ബാഗുകളുമാണ് മണ്ണു നിറച്ചു വച്ചിട്ടുള്ളത്.

മണ്ണു നിറച്ച ബാഗുകൾ തുന്നിക്കൂട്ടുകയും ചെയ്തിട്ടില്ല. തയ്ക്കാത്ത ബാഗുകൾ തിരമാലകളേറ്റ് മറിഞ്ഞുവീഴുമ്പോൾ നിറച്ച മണ്ണ് ഒഴുകിപ്പോകുന്നുമുണ്ട്.

ഉപ്പത്തികാട് തോട് മണ്ണുനീക്കൽ പണി ആരംഭിച്ചെങ്കിലും മഴ കാരണം നിർത്തിവച്ചു. വിജയം കനാലിന്റെ മണ്ണു നീക്കുന്ന ജോലി ഇനിയും തുടങ്ങിയിട്ടില്ല.

തീരത്തു നാട്ടുകാർ മണൽ നിറച്ച് അട്ടിവച്ച ചാക്കുകളും കടൽ തിരമാലകളേറ്റ് തകർന്നു. ചെല്ലാനം മുതൽ മറുവക്കാടു വരെയുള്ള തീരപ്രദേശത്ത് ഇന്നലെയും കടൽക്ഷോഭം രൂക്ഷമായിരുന്നു.

കിട്ടിയത്

**250**

ആയിരം ജിയോ ബാഗുകൾ ലഭിക്കുമെന്നാണ് അധികൃതർ പറഞ്ഞിരുന്നതെങ്കിലും എത്തിയത് 250 ബാഗുകൾ.

മണൽനിറച്ചു ലഭിച്ചത് 125 ബാഗുകളിൽ മാത്രം.

തയ്ക്കാത്ത ബാഗുകൾ തിരയേറ്റ് മറിഞ്ഞുവീഴുമ്പോൾ നിറച്ച മണ്ണ് ഒഴുകിപ്പോകുന്നു

ചെല്ലാനം ബസാർ തീരത്ത് കടൽക്ഷോഭം തടയാൻ നിരത്തിയ ജിയോ ബാഗുകൾ തിരമാലകളേറ്റ് സ്ഥാനം തെറ്റിയനിലയിൽ.